**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1184 **20.01.2014** -ലെ മറുപടിയ്ക്ക്

## കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പി.സി വിഷ്ണു നാഥ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) (ബി) (സി) & (ഡി) | ഉണ്ട്. സംസ്ഥാനത്ത് വർഷം തോറും പുറത്തിറങ്ങുന്ന ഒരു ലക്ഷത്തോളം ബിരുദധാരികളിൽ നല്ലൊരുവിഭാഗം വിദ്യാർത്ഥികൾക്ക് സംരംഭകത്വആശയം ഉണ്ടെങ്കിലും അവ പ്രാവർത്തികമാക്കുന്നതിന് ഉള്ള സാഹചര്യവും പിന്തുണയും ലഭിക്കുന്നില്ല. വിദ്യാർത്ഥികളുടെ സംരംഭങ്ങൾക്ക് പ്രചോദനം നൽകേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്ന് കണ്ടതിനാലാണ് സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾ തൊഴിൽഅന്വേഷകർ എന്നതിന് പകരം തൊഴിൽ ദാതാക്കളായി മാറുന്ന സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇതുവഴി കഴിയും. സംരംഭകത്വ ക്ലബ്ബുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 15.01.2014 ന് ടെക്ക്നോപാർക്കിൽ ബഹു. മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. സാധാരണ ക്ലബ്ബുകളിൽ നിന്ന് വ്യത്യസ്തമായി സംരംഭകത്വ ക്ലബ്ബുകൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യുകയും പൂർണ്ണമായും വിദ്യാർത്ഥികൾ തന്നെ നടത്തുകയും ചെയ്യുന്നു. എല്ലാ കോളേജുകളിലും ഇത്തരം |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തല്ലാം ; | | |
| (സി) | ഇതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (ഡി) | ഇതിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തല്ലാം? | | |

| | | | |
|---|---|---|---|
| | | | ക്ലബ്ബുകൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. 2013 സെപ്റ്റംബർ 12 സംസ്ഥാന സംരംഭകത്വ ദിനമായി ആചരിക്കുകയും സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**